**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ജലവിഭവ വകുപ്പ് - JJM - CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi panchayath, General Civil Work എന്ന പ്രവൃത്തിയ്ക്ക് ലഭിച്ച ഏക ദർഘാസ് അംഗീകരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജലവിഭവ **(ജലവിതരണ - ബി) വകുപ്പ്**

സ.ഉ.(കൈ) നം.45/2025/WRD തീയതി,തിരുവനന്തപുരം, 09-06-2025

---

പരാമർശം:-

1. ജി.ഒ. (പി) നം. 16/2017/ഫിൻ തീയതി 06.02.2017.
2. ജി.ഒ (ആർ.റ്റി) നം.401/2022/ഡബ്ല്യു.ആർ.ഡി, തീയതി 13.05.2022.
3. കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ 07.02.2025 തീയതിയിലെ KWA-JB/9947/2024-AE-12 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

JJM - CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi panchayath, General Civil Work എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട പദ്ധതിയ്ക്ക് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു . പ്രസ്തുത പ്രവൃത്തിക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതിക അനുമതിയും നൽകി.

2) ആദ്യ ദർഘാസിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കി. തുടർന്ന് മൂന്ന് തവണ ദർഘാസ് ക്ഷണിച്ചുവെങ്കിലും ആരുടെയും പങ്കാളിത്തം ഇല്ലാത്തതിനാൽ അതും റദ്ദാക്കി. ഈ റദ്ദാക്കലുകളെത്തുടർന്ന്, എസ്റ്റിമേറ്റ് പുനർക്രമീകരിച്ച ശേഷം പുതുക്കിയ സാങ്കേതിക അനുമതി നൽകി. പങ്കാളിത്തം കുറവായതിനാൽ തുടർന്നുള്ള ഇ-ദർഘാസും റദ്ദാക്കി. വീണ്ടും ദർഘാസ് ചെയ്യാനുള്ള ശ്രമം നടത്തിയെങ്കിലും പങ്കാളിത്തം കുറവായതിനാൽ അതും റദ്ദാക്കി.

3) പ്രവൃത്തി 23.09.2024 അവസാന തീയതിയായി പുന:ദർഘാസ് ചെയ്യുകയും 07.10.2024 വരെ നീട്ടുകയും ചെയ്തു. ദർഘാസിന് മറുപടിയായി, ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ. (Sri. Binu Mathew, Kottaviruthil (H), P.O. Thalavady)-യിൽ നിന്ന് ഒരൊറ്റ ഓഫർ ലഭിച്ചു. എൻഐടിയിൽ നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചതിനാൽ ഏക ബിഡ്ഡറായ ശ്രീ. ബിനു മാത്യു-വിനെ കേരള വാട്ടർ അതോറിറ്റി പ്രീക്വാളിഫൈ ചെയ്തു.

4) കരാറുകാരൻ ക്വാട്ട് ചെയ്ത 18,07,67,446.56/- രൂപ ദർഘാസ് തുകയായ 13,97,84,800/- രൂപയെക്കാൾ 29.32% അധികരിച്ചതായിരുന്നുവെന്നും, ക്വാട്ട് ചെയ്ത ഉയർന്ന തുക കുറയ്ക്കുന്നതിന് കരാറുകാരനുമായി negotiation നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിന് കരാറുകാരൻ തയ്യാറായില്ലായെന്നും പരാമർശം (3) പ്രകാരം കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5) പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, DSoR + 10%, പ്രാദേശിക വിപണി നിരക്ക്, കരാറുകാരൻ ക്വാട്ട് ചെയ്ത തുക ഇവയിൽ ഏതാണോ കുറവ് വരുന്നത് ആ തുകയ്ക്കാണ് ദർഘാസ്

അംഗീകരിക്കേണ്ടത്. അതായത് കുറഞ്ഞ തുകയും, DSoR. +10% ആയ 15,37,02,155.19/- രൂപക്കേ പ്രസ്തുത ദർഘാസ് അനുവദിക്കാനാകുകയുള്ളൂ.

6) മെറ്റീരിയൽ ചെലവുകളിലെ ഗണ്യമായ വർദ്ധനവും ഉയർന്ന ലേബർ, ഓവർഹെഡ് ചാർജ്ജുകളും കാരണം ബിഡ്ഡർ ക്വാട്ട് ചെയ്ത നിരക്ക് കൂടുതൽ കുറയ്ക്കുന്നത് അസാധ്യമാണെന്നും, പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ കരാറുകാരൻ ഉന്നയിച്ച ആശങ്കകൾ സാധുവാണെന്നും ചീഫ് എഞ്ചിനീയർ (സെൻട്രൽ റീജിയൻ), കേരള വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്തു. കാമാക്ഷി പഞ്ചായത്തിൽ പൂർണ്ണ കവറേജ് നേടുന്നതിന് ഈ പാക്കേജിന്റെ സമയബന്ധിതമായ പൂർത്തീകരണം അത്യാവശ്യമാണെന്നും, ഈ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ പ്രവൃത്തി പുന:ദർഘാസ് ചെയ്താലും കൂടുതൽ അനുകൂലമായ ഓഫർ ലഭിക്കുന്നതിനുമുള്ള സാധ്യത വളരെ കുറവാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു.

7) ഈ പാക്കേജ് (CWPM-കളും റിസർവോയറുകളും) ഒഴികെയുള്ള എല്ലാ ഉൽപ്പാദന, വിതരണ ഘടകങ്ങളും ഇതിനകം തന്നെ ദർഘാസ് ചെയ്ത് പ്രവർത്തി പുരോഗമിക്കുകയാണ്. അതിനാൽ മുകളിൽ പറഞ്ഞ വസ്തുതകൾ, ഈ പ്രവൃത്തിയുടെ പാക്കേജിന്റെ നിർണായകത, JMM പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ കണക്കിലെടുത്ത് പ്രവൃത്തി, ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ.-യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.32 % ഉയർന്ന തുകയായ 18,07,67,446.56/- രൂപയ്ക്ക് അനുവദിക്കുന്നത് പരിഗണിക്കണമെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

8) സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. പലപ്രാവശ്യം ദർഘാസ് ചെയ്യുകയും പിന്നീട് എസ്റ്റിമേറ്റ് പുനർക്രമീകരിച്ച് പുതിയ സാങ്കേതിക അനുമതി നൽകി ദർഘാസ് ചെയ്യുകയും, അങ്ങനെ ഏഴു പ്രാവശ്യത്തോളം ദർഘാസ് ചെയ്ത പ്രവൃത്തിയാണിത്. ഇടുക്കിയിലെ ഏറ്റവും ദുർഘടമായ മലയോര പ്രദേശത്തുള്ള പ്രസ്തുത പ്രവൃത്തി എടുക്കുന്നതിന് കോൺട്രാക്ടർമാർ വൈമുഖ്യം കാണിക്കുന്നു. നിലവിൽ ക്വാട്ട് ചെയ്തിരിക്കുന്ന തുക യഥാർത്ഥ പ്രാദേശിക വിപണി നിരക്കുമായി വളരെ ചെറിയ വ്യത്യാസമേ ഉള്ളൂ. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും, മലയോര മേഖലയായതിനാലും ഇനിയും ദർഘാസ് ചെയ്യുന്നത് ചെലവ് കൂട്ടാനേ സഹായിക്കു എന്നും സർക്കാർ നിരീക്ഷിക്കുകയുണ്ടായി.

9) പ്രസ്തുത സാഹചര്യത്തിൽ JJM-CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi panchayath, General Civil Work എന്ന പ്രവൃത്തിയ്ക്ക് സിംഗിൾ ബിഡ്ഡർ ആയ ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ. (Sri. Binu Mathew, Kottaviruthil (H), P.O. Thalavady) എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.32 % അധികരിച്ച തുകയായ 18,07,67,446.56/- (പതിനെട്ട് കോടി ഏഴ് ലക്ഷത്തി അറുപത്തിയേഴായിരത്തി നാനൂറ്റി നൽപ്പത്തിയാറ് രൂപ അമ്പത്തിയാറ് പൈസയ്ക്ക്) അംഗീകരിക്കുന്നതിനുള്ള അനുമതി കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരളം, തിരുവനന്തപുരം.
3. പൊതുഭരണ (എസ്.സി) വകുപ്പ് (05.06.2025-ലെ ഇനം.3010 പ്രകാരം)
4. ധനകാര്യ വകുപ്പ് (ഫയൽ നം. പി.യു-സി1/53/2025-ഫിൻ)

5. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Khadeeja Alungal**
**Date: 10-06-2025 12:55:57**

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു.ജലവിഭവ വകുപ്പ് മന്ത്രിയുടെ പി.എസിന്

ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസിന്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 05-06-2025

ഫയൽ നം. ഡബ്ല്യു.എസ്.-ബി3/50/2025-ജവിവ. ഇനം നം: 3010

വിഷയം : ജലവിഭവ വകുപ്പ് - കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi Panchayath, General Civil Work എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ.-യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.32% ഉയർന്ന തുകയായ 18,07,67,446.56/- രൂപയ്ക്ക് (പതിനെട്ട് കോടി ഏഴ് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാന്നൂറ്റി നാല്പത്തിയാറ് രൂപ അൻപത്തിയാറ് പൈസ മാത്രം) അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ്.

6/6/25

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
05 JUN 2025
6.30PM

3010

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | ഡബ്ല്യൂ.എസ്-ബി3/50/2025-ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (ജലവിതരണ -ബി) വകുപ്പ് |
| 3. | വിഷയം | : | കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi panchayath, General Civil Work എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ.-യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.32 % ഉയർന്ന തുകയായ 18,07,67,446.56/- രൂപയ്ക്ക് അനുവദിക്കുന്നത്. |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.05.2025. |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത യുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ള താണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? | : | ഉണ്ട്. |
| | ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്. |

| | | | |
|---|---|---|---|
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല. |
| 7. | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സജികുമാർ.ജെ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 20/05/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 26.05.2025. |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.റോഷി അഗസ്റ്റിൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 27.05.2025. |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.05.2025. |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ്

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM - CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi panchayath, General Civil Work എന്ന പ്രവൃത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ.-യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.32 % ഉയർന്ന തുകയായ 18,07,67,446.56/- രൂപയ്ക്ക് അനുവദിക്കുന്ന വിഷയമാണ് കുറിപ്പിൽ പരിശോധിക്കുന്നത്.

2) പ്രവൃത്തിയ്ക്കായുള്ള 24671.99 ലക്ഷം രൂപയുടെ ഭരണാനുമതി 13.05.2022 തീയതിയിലെ G.O.(Rt)No. 401/2022/WRD പ്രകാരം നൽകുകയും, സാങ്കേതിക അനുമതി 1637.70 ലക്ഷം രൂപയ്ക്കും നൽകി.

3) ആദ്യ ടെണ്ടറിൽ ആരും പങ്കെടുക്കാത്തതിനാൽ റദ്ദാക്കി. പിന്നീട് മൂന്ന് തവണ ടെൻഡർ ചെയ്തുവെങ്കിലും ലേലക്കാരുടെ പങ്കാളിത്തം ഇല്ലാത്തതിനാൽ റദ്ദാക്കി. ഈ റദ്ദാക്കലുകളെത്തുടർന്ന്, എസ്റ്റിമേറ്റ് പുനർക്രമീകരിച്ച ശേഷം പുതുക്കിയ സാങ്കേതിക അനുമതി നൽകി. ലേലക്കാരുടെ പങ്കാളിത്തം കുറവായതിനാൽ തുടർന്നുള്ള ഇ-ടെൻഡറും റദ്ദാക്കി. വീണ്ടും ടെൻഡർ ചെയ്യാനുള്ള ശ്രമം നടത്തി, പക്ഷേ ലേലക്കാരുടെ പങ്കാളിത്തം കുറവായതിനാൽ അതും റദ്ദാക്കി.

4) പ്രവൃത്തി 23.09.2024 അവസാന തീയതിയായി റീ ടെൻഡർ ചെയ്യുകയും 07.10.2024 വരെ നീട്ടുകയും ചെയ്തു. ടെൻഡറിന്റെ ഫേം കാലയളവ് ബിഡ് സമർപ്പിക്കേണ്ട അവസാന തീയതി മുതൽ 120 ദിവസമാണ്, അതായത് 03.02.2025. ടെൻഡറിന് മറുപടിയായി, ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ.യിൽ നിന്ന് ഒരൊറ്റ ഓഫർ ലഭിച്ചു.

5) ചീഫ് എഞ്ചിനീയറുടെ (സെൻട്രൽ റീജിയൻ) അധ്യക്ഷതയിൽ 01.11.2024 ന് ചേർന്ന ടെൻഡർ കമ്മിറ്റി, ടെൻഡർ വിശദമായി വിലയിരുത്തുകയും, വിശദമായ ചർച്ചയ്ക്ക് ശേഷം, ഏക ബിഡ്ഡറായ ശ്രീ. ബിനു മാത്യുവിനെ എൻഐടിയിൽ നിശ്ചയിച്ചിട്ടുള്ള സാങ്കേതികവും സാമ്പത്തികവുമായ മാനദണ്ഡങ്ങൾ പാലിച്ചതിനാൽ

പ്രീക്വാളിഫൈ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ബിഡ് വിശദാംശങ്ങളും ടിപിഎസിയുമായുള്ള താരതമ്യവും ഇപ്രകാരമാണ്.

| Sl. No. | Name & Address of the bidder | TPAC (Rs.) | Quoted amount | Comparison with TPAC in (%) |
|---|---|---|---|---|
| 1. | Sri. Binu Mathew, Kottaviruthil (H), P.O. Thalavady | 13,97,84,800/- | 18,07,67,446.56/- | 29.32% Above |

6) പിഎച്ച് സർക്കിൾ ഇടുക്കിയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ കോൺട്രാക്ടറുടെ പോർട്ടൽ (PRICE 3.0) വഴി ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ ലേലക്കാരനോട് അഭ്യർത്ഥിച്ചു, എന്നാൽ ക്വാട്ട് ചെയ്ത തുക കുറയ്ക്കാൻ ലേലക്കാരൻ വിസമ്മതം പ്രകടിപ്പിച്ചു. ഓരോ ഇനങ്ങൾക്ക് വേണ്ടി ക്വാട്ട് ചെയ്ത നിരക്കുകൾ അനുബന്ധ എസ്റ്റിമേറ്റ് നിരക്കുകളുമായി താരതമ്യം ചെയ്തപ്പോൾ, ഒമ്പത് ഇനങ്ങൾക്ക് ക്വാട്ട് ചെയ്ത നിരക്ക് എസ്റ്റിമേറ്റ് നിരക്കിന്റെ 10% കവിഞ്ഞതായി കണ്ടെത്തി, അതിൽ എട്ട് ഇനങ്ങൾ എസ്റ്റിമേറ്റ് നിരക്കിന്റെ 25% കവിഞ്ഞു.

7) ചീഫ് എഞ്ചിനീയറുടെ (സെൻട്രൽ റീജിയൻ) അധ്യക്ഷതയിൽ 18.12.2024 ന് ചേർന്ന ടെൻഡർ കമ്മിറ്റി ടെൻഡർ വിശദമായ അവലോകനം ചെയ്തു. കമ്മിറ്റിയുടെ താരതമ്യം ചുവടെ ചേർക്കുന്നു.

| **Sl.No.** | **Decription** | **Amount** |
|---|---|---|
| 1 | Estimated amount based on current LMR | Rs. 17,65,86 136.09/- (26.33% above TPAC) |
| 2 | Contract PAC of the Lowest bidder | Rs. 18,07,67,446.56/- (29.32% above TPAC) |
| 3 | Current DSR plus 10% | Rs 15,37,02,155.19/- (9.96% above TPAC) |

8) 06.02.2017 തീയതിയിലെ G.O.(P) നമ്പർ 16/2017/Fin, 04.05.2019 തീയതിയിലെ GO (P) നമ്പർ 54/2019/Fin എന്നിവ പ്രകാരം, മുകളിൽ പറഞ്ഞ മൂന്ന് തുകകളിൽ ഏറ്റവും കുറഞ്ഞ തുകയ്ക്ക് ടെൻഡർ അനുവദിക്കാം, അതായത് DSR plus 10% ആയ 15,37,02,155.19/- രൂപയ്ക്ക് അനുവദിക്കാം.

9) ജൽ ജീവൻ മിഷന്റെ കീഴിൽ ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി,

വാഴത്തോപ്പ്, മരിയപുരം, കാമാക്ഷി, വാത്തിക്കുടി, വണ്ണപ്പുരം (ഭാഗം) പഞ്ചായത്തുകളിലെ എല്ലാ വീട്ടുകളിലും ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തു. ഇൻടേക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ , 35 എംഎൽഡി ജല ശുദ്ധീകരണ ശാല എന്നിവയുൾപ്പെടെയുള്ള ഉൽപാദന ഘടകങ്ങൾ നിലവിൽ നിർമ്മാണത്തിലാണ്. കൂടാതെ, കാമാക്ഷി പഞ്ചായത്തിനായുള്ള വിതരണ സംവിധാനത്തിന്റെ ഇൻസ്റ്റാളേഷൻ പുരോഗമിക്കുകയാണ്, മൊത്തം ആസൂത്രണം ചെയ്ത 167.33 കിലോമീറ്റർ പൈപ്പ്ലൈനിൽ 125.78 കിലോമീറ്റർ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്, കൂടാതെ 250 HTC നൽകിയിട്ടുണ്ട്. കാമാക്ഷി പഞ്ചായത്തിലെ ആകെ 5,015 വീട്ടുകൾക്ക് ഈ വർക്ക് പാക്കേജിന്റെ പ്രയോജനം ലഭിക്കും. ഈ ജോലിയുടെ പൊതുവായ പരിധിയിൽ കാമാക്ഷി പഞ്ചായത്തിലെ വിവിധ ജലസംഭരണികളിലേക്ക് ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ (CWPM) വിതരണം ചെയ്യുന്നതും സ്ഥാപിക്കുന്നതും ഉൾപ്പെടുന്നു.

10) CWPM-ന്റെ വിശദമായ പ്രവർത്തന പരിധിയിൽ ചുവടെ ചേർക്കുന്നവ ഉൾപ്പെടുന്നു:

- From Double Cutting to Kuttan Kavala and from Kuttan Kavala to Pushpagirimedu using 400mm Dl K9 pipes.
- From Double Cutting to Kalvary Church and from Kalvary Church to Kalvary Mount using 150mm DI K9 pipes.

11) കൂടാതെ, പദ്ധതിയിൽ താഴെ പറയുന്ന ശേഷികളുള്ള സ്റ്റീൽ, ആർസിസി ടാങ്കുകളുടെ നിർമ്മാണവും ഉൾപ്പെടുന്നു:

- 6.25 LL at Kuttankavala, with a pump house (Steel tank).
- 4.80 LL at Pushpagirimedu (Steel tank).
- 0.40 LL at Kalvary Church, with a pump-house (Steel tank).
- 3.15 LL at Kalvary Mount (RCC tank).

12) കൂടാതെ, പ്രവൃത്തിയിൽ റോഡ് പുനഃസ്ഥാപനത്തിനുള്ള വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്, ഇത് പിഡബ്ല്യുഡി റോഡുകൾക്ക് MoRTH, എൽഎസ്ജിഡി റോഡുകൾക്ക് MoRD എന്നിവയുടെ സ്പെസിഫിക്കേഷനുകൾക്കനുസൃതമായി നടപ്പിലാക്കും.

13) മെറ്റീരിയൽ ചെലവുകളിലെ ഗണ്യമായ വർധനവും ഉയർന്ന ലേബർ, ഓവർഹെഡ് ചാർജ്ജുകളും കാരണം ലേലത്തിൽ പറഞ്ഞിരിക്കുന്ന നിരക്ക് കൂടുതൽ കുറയ്ക്കുന്നത് അസാധ്യമാണെന്ന് ചീഫ് എഞ്ചിനീയർ (സെൻട്രൽ റീജിയൻ) റിപ്പോർട്ട് ചെയ്തു. പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ നിലവിലുള്ള സാഹചര്യങ്ങൾ കണക്കിലെടുക്കുമ്പോൾ, കരാറുകാരൻ ഉന്നയിച്ച ആശങ്കകൾ സാധുവാണെന്നും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തു, അവിടെ LMR PAC-യെക്കാൾ 26.33% അധികരിക്കുന്നു. കാമാക്ഷി പഞ്ചായത്തിൽ പൂർണ്ണ കവറേജ് നേടുന്നതിന് ഈ പാക്കേജിന്റെ സമയബന്ധിതമായ പൂർത്തീകരണം അത്യാവശ്യമാണ്. ഈ ഘടകങ്ങൾ കണക്കിലെടുക്കുമ്പോൾ, പ്രവൃത്തി ഇ-ടെൻഡർ ചെയ്യുന്നതിനും കൂടുതൽ അനുകൂലമായ ഓഫർ ലഭിക്കുന്നതിനുമുള്ള സാധ്യത വളരെ കുറവാണ്.

14) ഭേദഗതി ചെയ്ത ജെജെഎം മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ജെജെഎമ്മിന് കീഴിൽ അനുവദിച്ച എല്ലാ പദ്ധതികളും ചെലവോ സമയനഷ്ടമോ കൂടാതെ നടപ്പിലാക്കേണ്ടതാണ്. അംഗീകൃത ചെലവിനേക്കാൾ കൂടുതൽ ചെലവ് ഉണ്ടായാൽ, അത് ബന്ധപ്പെട്ട സംസ്ഥാനവും നിയമസഭയുള്ള കേന്ദ്രഭരണ പ്രദേശങ്ങളും വഹിക്കേണ്ടിവരും, കൂടാതെ ജെജെഎമ്മിന് കീഴിൽ ലഭ്യമായ വിഭവങ്ങളിൽ നിന്ന് അധിക ചെലവുകൾ അനുവദിക്കില്ല. "ഒരു പ്രോജക്റ്റിനോ സ്കീമിനോ വേണ്ടിയുള്ള ടെൻഡർ ക്ഷണിച്ചതിന്റെ കണക്കാക്കിയ ചെലവിനേക്കാൾ അംഗീകൃത ചെലവ് കൂടുതലാണെങ്കിൽ, ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള സംസ്ഥാന ജല-ശുചിത്വ മിഷന്റെ അപെക്സ് കമ്മിറ്റിയുടെ തലവന്റെ അംഗീകാരം പ്രവൃത്തി നൽകുന്നതിന് മുമ്പ് എടുക്കേണ്ടതാണ്".

15) ഈ പാക്കേജ് ,(CWPM-കളും റിസർവോയറുകളും) ഒഴികെയുള്ള എല്ലാ ഉൽപ്പാദന, വിതരണ ഘടകങ്ങളും ഇതിനകം തന്നെ ടെണ്ടർ ചെയ്ത് പ്രവർത്തി പുരോഗമിക്കുകയാണ്. അതിനാൽ മുകളിൽ പറഞ്ഞ വസ്തുതകൾ, ഈ പ്രവൃത്തിയുടെ പാക്കേജിന്റെ നിർണായകത, JJM പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ കണക്കിലെടുത്ത്, മുകളിൽ പറഞ്ഞ ടെൻഡർ അംഗീകരിക്കാൻ KWA മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചു.

16) **Comparison statement with Quoated amount.**

| **Quoted Amount Rs. 18,07,67,446.56/-** | | |
|---|---|---|
| | **Amount** | **Quoted amount Percentage above or below** |
| Tendered PAC | Rs.13,97,84,800/- | 29.31 % above |
| Current DSR+10% | Rs 15,37,02,155.19/- | 17.6 % above |
| Local Market Rate (LMR) | Rs. 17,65,86 136.09/- | 2.36 % above |

17) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടു.

*AD is informed that in case Administrative Department /KWA feel that there will beno change in estimate even after reworking the estimate and no scope in getting a better response even on recall of tenders and need for the completion of Jal Jeevan Mission works, then the tender of single bid of Sri.Binu Mathew, Kottaviruthil (H) P.O, Thalavady at his quoted rate of Rs.18,07,67,446.56/- which is 29.32% above TPAC may be placed before council of Ministers for getting approval, with full justification after making an earnest effort to bring down the quoted rate to LMR PAC.*

*This has the approval of Hon'ble M(Fin).*

18) ഫയൽ സമർപ്പിച്ചപ്പോൾ ബഹു.ജലവിഭവ വകുപ്പ് മന്ത്രി താഴെ പറയുന്ന അഭിപ്രായം രേഖപ്പെടുത്തി.

പലപ്രാവശ്യം ടെണ്ടർ ചെയ്യുകയും പിന്നീട് റീകാസ്റ്റ് ചെയ്ത് പുതിയ ടെക്നിക്കൽ സാംങ്ഷൻ നൽകി റിടെണ്ടർ ചെയ്യുകയും അങ്ങനെ ഏഴ് പ്രാവശ്യത്തോളം ടെണ്ടർ ചെയ്ത പ്രവൃത്തിയാണിത്. ഇടുക്കിയിലെ ഏറ്റവും ദുർഘടമായ മലയോര പ്രദേശത്തുള്ള പ്രസ്തുത വർക്ക് എടുക്കുന്നതിന് കോൺട്രാക്ടർമാർ വൈമുഖ്യം കാണിക്കുന്നു. നിലവിൽ ക്വാട്ട് ചെയ്തിരിക്കുന്ന തുക യഥാർത്ഥ മാർക്കറ്റ് നിരക്കുമായി വളരെ ചെറിയ വ്യത്യാസമേ ഉള്ളൂ. സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും, മലയോര മേഖലയായതിനാലും ധനവകുപ്പുകൂടി അഭിപ്രായപ്പെട്ട പ്രകാരം ഇക്കാര്യം മന്ത്രിസഭയ്ക്ക് വയ്ക്കുന്നതിന് ബഹു. മുഖ്യമന്ത്രി സദയം ഉത്തരവായാലും.

19) ക്യാബിനറ്റിന് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച JJM-CWSS to Idukki - Kanjikuzhi, Vazhathope, Mariyapuram, Kamakshi, Vathikudy and Vannapuram (Part) Panchayaths in Idukki District including supply and laying CWPM and storage reservoir cum pump house in Kamakshi panchayath,. General Civil Work എന്ന പ്രവർത്തി സിംഗിൾ ബിഡ്ഡർ ആയ ശ്രീ. ബിനു മാത്യു, കോട്ടവിരുത്തിൽ (വീട്), തലവടി പി.ഒ.-യ്ക്ക് അദ്ദേഹം ക്വാട്ട് ചെയ്ത TPAC-യെക്കാൾ 29.32 % ഉയർന്ന തുകയായ 18,07,67,446.56/- (പതിനെട്ട് കോടി ഏഴ് ലക്ഷത്തി അറുപത്തി ഏഴായിരത്തി നാന്നൂറ്റി നാല്പത്തിയാറ് രൂപ അൻപത്തിയാറ് പൈസ) രൂപയ്ക്ക് അനുവദിക്കാമോ ?